## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3176 07-11-2019 -ൽ മറുപടിക്ക്

## പ്രളയാന്തര അടിയന്തര സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2019 ആഗസ്റ്റിലുണ്ടായ പേമാരിയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് അടിയന്തര സഹായം അനുവദിച്ചിട്ടുണ്ടോ; ഇതിനകം എത്ര പേർക്കാണ് പ്രസ്തുത സഹായം നൽകിയത്;വിശദമാക്കാമോ; | എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ കഞ്ഞിപ്പുരകളിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ ഉൾപ്പെടെ 04-11-2019 വരെ ആകെ 1,30,159 കുടുംബങ്ങൾക്ക് അടിയന്തിര സഹായം നല്കി |
| ബി) | പ്രളയ സമയത്ത് ക്യാമ്പുകളിൽ പോകാതെ ബന്ധുവീട്ടുകളിൽ താമസിച്ചവർക്കും ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കുടുംബങ്ങളുടെ കണക്ക് എപ്രകാരമാണ് എടുക്കുന്നത്;വ്യക്തമാക്കാമോ; | ബി) | ഉണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിൽ ടി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, താലൂക്ക്, വില്ലേജ്തല ഉദ്യോഗസ്ഥർ എന്നിവർ സർവ്വെ നടത്തിയാണ് ബന്ധുവീട്ടുകളിൽ താമസിച്ച കുടുംബങ്ങളുടെ കണക്ക് എടുക്കുന്നത്. |
| സി) | അനർഹർ ആനുകൂല്യം പറ്റുന്നതായും, അർഹതയുള്ളവർ ഒഴിവാക്കപ്പെടുന്നു വെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അർഹതയുള്ള എല്ലാവർക്കും ആനുകൂല്യം നൽകുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ